കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച ഗ്രാമപഞ്ചായത്തുകൾക്ക് അവാർഡ് ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

സ.ഉ.(സാധാ) നം 1149/ 2012/തസ്വഭവ തിരുവനന്തപുരം, തീയതി, 19/4/2012.

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 29.3.2012ലെയും 9.4.2012ലെയും ജി2- 35900/12 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും ഒരു പ്രോൽസാഹനം എന്ന നിലയിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ മികച്ച പ്രവർത്തനം കാഴ്ച വച്ച ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാന തലത്തിൽ 1,2,3, സ്ഥാനങ്ങളും ജില്ലാ തലത്തിൽ 1,2 സ്ഥാനങ്ങളും നൽകി 2012-ലെ പഞ്ചായത്ത് ദിനാഘോഷത്തിൽ ഒരു അവാർഡ് ഏർപ്പെടുത്തണമെന്നും പ്രസ്തുത അവാർഡിന് "മഹാത്മാ പുരസ്കാരം" എന്ന പേരു നൽകണമെന്നും സ്വാഗതസംഘം ആവശ്യപ്പെട്ടതായി പരാമർശത്തിലെ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ടു ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2012-ലെ പഞ്ചായത്ത് ദിനാഘോഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാനതലത്തിൽ 1,2,3 സ്ഥാനങ്ങളും ജില്ലാ തലത്തിൽ 1,2 സ്ഥാനങ്ങളും നൽകി "മഹാത്മാ പുരസ്കാരം" എന്ന പേരിൽ ഒരു അവാർഡ് ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജയിംസ് വർഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ. തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർക്കും /സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (IKM) , പാങ്ങപ്പാറ, തിരുവനന്തപുരം-4.

ഡയറക്ടർ, ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻസ് വകുപ്പ് (എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളിലും പരസ്യപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ